# കൊയ്നോനിയ

നവംബർ 2017

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

Private circulation only I Book No. 4


# ജപമാല ഭക്തിയിൽ ചെറുവെട്ടുകാട് ഇടവക



ഒക്ടോബർ ഒന്ന് മുതൽ ഇരുപത്തിയെട്ടു വരെ അഞ്ചു യൂണിറ്റുകളിൽ നിന്ന് തിരഞ്ഞെടുത്ത ഭവനങ്ങളിൽ നടത്തിയ പരിശുദ്ധ അമ്മയുടെ വണക്ക പ്രാർത്ഥനയിൽ നൂറോളം അംഗങ്ങൾ സജീവമായി പങ്കെടുത്തു. സമാപന ദിവസമായ ഒക്ടോബർ മുപ്പതിന് ഉച്ചയ്ക്ക് രണ്ടു മുതൽ അഖണ്ഡ ജപമാലയും തുടർന്ന് ആറു മണിക്ക് ആഘോഷമായ ദിവ്യബലിയും, തിരുസ്വരൂപം വഹിച്ചുകൊണ്ട് ദേവാലയം ചുറ്റി പ്രദിക്ഷിണവും ഉണ്ടായിരുന്നു . ശ്രീ . പ്രേമകുമാർ നേർച്ചയായി പായസ വിതരണവും നടത്തി .

## അന്നദാനം നടത്തി



ചെറുവെട്ടുകാട് ഇടവകയിലെ ടി എസ് എസ് എസ് സമിതിയുടെ നേതൃത്വത്തിൽ ഇടവകയിലെ കുടുംബങ്ങളിൽ നിന്ന് ശേഖരിച്ച പൊതിച്ചോറുകൾ ഒക്ടോബർ ഇരുപത്തിയൊന്നിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗികൾക്കു വിതരണം ചെയ്തു . ഇടവക വികാരി ജോസ് ദിലീപ് അച്ചനോടൊപ്പം പ്രേമകുമാർ , ജോളിമസ് , ജിട്രസ് , മിനി ജോയി , ഡെയ്സി എന്നിവരും ഉണ്ടായിരുന്നു .

## ചിൽഡ്രൻസ് ബാങ്ക് ഉത്ഘാടനം ചെയ്തു



ചെറുവെട്ടുകാട് ഇടവകയിലെ മതബോധന ക്ലാസ്സുകളിലെ കുട്ടികളിൽ സമ്പാദ്യശീലം ഉണ്ടാക്കുവാനായി ആരംഭിച്ച എസ് എസ് സി ചിൽഡ്രൻസ് ബാങ്കിന്റെ പാസ്ബുക്ക് ജീന ജെയിംസിന് നൽകികൊണ്ട് ഇടവക വികാരി ജോസ് ദിലീപ് അച്ചൻ ഉത്ഘാടനം നിർവഹിച്ചു .

## എഡിറ്റോറിയൽ

*ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ*

തീരാനഷ്ടത്തിന്റെ കഥ പറയുന്ന മാസമാണ് നവംബർ . വേർപാടിന്റെ തീരാദുഃഖം നമ്മെ വല്ലാതെ അലട്ടുന്ന മാസം . വേർപാട് രണ്ടുവിധത്തിലുണ്ട്, ഒന്ന് നിത്യതയിലേയ്ക്ക് മറ്റേതു ലോകത്തിന്റെ ഒരു കോണിലേയ്ക്ക്, രണ്ടും സ്നേഹിക്കുന്നവർക്കിടയിൽ വേദന നൽകുന്നതാണ്.നമ്മുടെ വേർപാട് വേദന നൽകുന്ന ഒന്നാകട്ടെ . ഈശോ പറയുന്നു ' നിങ്ങൾ ഫലം നൽകുന്ന വൃക്ഷങ്ങളായി മാറുവിൻ' ഫലം നൽകുന്ന വൃക്ഷം കടപുഴുകി വീഴുമ്പോൾ യജമാനനെ സംബന്ധിച്ചിടത്തോളം അതൊരു തീരാ നഷ്ടമാണ്. എന്നാൽ ഫലം നൽകാത്ത വൃക്ഷം കടപുഴുകി വീഴുമ്പോൾ കൂലി കൊടുക്കാതെ പാഴ്മരം വീണതിലുള്ള സന്തോഷമായിരിക്കും യജമാനന് . നമ്മുടെ ജീവിതം ഒരു ഫലം നൽകാത്ത വൃക്ഷമായി തീരാതിരിക്കട്ടെ. നവംബർ മാസം സകല മരിച്ച വിശ്വാസികളെയും ഓർത്തു പ്രാർത്ഥിക്കുന്ന മാസമാണ് . നമ്മുടെ പ്രിയപ്പെട്ടവരെ ഓർത്തു പ്രാർത്ഥിക്കുമ്പോൾ മനസ് പിടയുന്നത് അവർ പലവിധത്തിൽ നമ്മെ സ്വാധീനിക്കുന്നത് കൊണ്ടാണ് . നമ്മുടെയും വേർപാട് ഒരു തീരാ വേദനയായി തീരട്ടെ എന്ന പ്രാർത്ഥനയോടെ ..

സ്നേഹപൂർവ്വം
ദിലീപ് അച്ചൻ

---

## പഴയ സെമിത്തേരിയിലെ കുഴിമാടങ്ങളും കല്ലറകളും പുതിയ സെമിത്തേരിയിലേയ്ക്ക് മാറ്റി.

ഇടവകയിൽ തെരഞ്ഞെടുത്ത സമിതിയുടേയും പാരിഷ് കൗൺസിലിന്റേയും നേതൃത്വത്തിൽ ഒക്ടോബർ 28 നു പഴയ സെമിത്തേരിയിലെ കുഴിമാടങ്ങളും കല്ലറകളും പൂർണമായി പുതിയ സെമിത്തേരിയിലേയ്ക്ക് മാറ്റി. ഇടവക വികാരി ദിലീപച്ചനോടൊപ്പം സമിതി കൺവീനർ മോഹൻ കുമാർ, സെക്രട്ടറി പ്രേമകുമർ, കൗൺസിൽ അംഗങ്ങൾ, സമിതി അംഗങ്ങൾ, ഇടവകാംഗങ്ങൾ എന്നിവരും സന്നിഹിതരായിരുന്നു.

## മതബോധന അധ്യാപകദിനം ആചരിച്ചു



നവംബർ 5 ഞായർ മതബോധന അധ്യാപക ദിനത്തിൽ ഇടവകയിലെ മതബോധന വിദ്യാർത്ഥികളായി അഞ്ജലി, കൃപ എന്നിവരും ഇടവകയ്ക്ക് വേണ്ടി സെക്രട്ടറി പ്രേമകുമാറും അധ്യാപകർക്ക് ആശംസകൾ അർപ്പിച്ചു. തുടർന്ന് ഇടവക വികാരി ജോസ് ദിലീപ് അച്ചൻ മെമന്റോകൾ നൽകി ഇടവകയിലെ മതബോധന അധ്യാപകരെ ആദരിച്ചു.

## ഇടവകയിലെ മതബോധന അധ്യാപകർ പ്രെയർ സോംഗ് അവതരിപ്പിച്ചു



അഭിവന്ദ്യ സഹായ മെത്രാൻ ക്രിസ്തുദാസ് പിതാവ് ഉത്ഘാടനം ചെയ്ത വലിയതുറ ഫെറോനയിലെ മതബോധന സമിതിയുടെ വാർഷിക ആഘോഷങ്ങളിൽ ചെറുവെട്ടുകാട് ഇടവക മതബോധന അധ്യാപകർ പ്രെയർ സോങ് അവതരിപ്പിച്ചു

# ചെറുവെട്ടുകാട് ഇടവകയിൽ ഫാത്തിമ മാത സന്ദേശയാത്ര




ഫാത്തിമായിൽ പരിശുദ്ധ 'അമ്മ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കെ സി ബി സി കരിസ്മാറ്റിക് കമ്മീഷന്റെ നേതൃത്വത്തിൽ ഫാത്തിമയിൽ നിന്ന് കൊണ്ടുവന്ന പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം ഒക്ടോബർ 13 നു ചെറുവെട്ടുകാട് ഇടവകയിൽ ഇടവക വികാരി ജോസ് ദിലീപ് അച്ചൻ സ്വീകരിച്ചു. നൂറുകണക്കിന് ഇടവക ജനങ്ങളും വിശ്വാസികളും പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം വണങ്ങുകയുണ്ടായി.

# ഭവനങ്ങളിലൂടെ പരിശുദ്ധ അമ്മയുടെ തീർത്ഥയാത്ര



ഇടവകയിലെ എല്ലാ കുടുംബങ്ങളിലും പരിശുദ്ധ അമ്മയുടെ അനുഗ്രഹം നിറയാനായി ഒരു കുടുംബത്തിൽ 3 ദിവസം എന്ന ക്രമത്തിൽ പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം വണക്കത്തിനായി നവംബർ 1 മുതൽ ഒരു വർഷത്തേയ്ക്ക് ഇടവകയിലെ ഭവനങ്ങളിലേയ്ക് തീർത്ഥാടനം നടത്തുന്നു

# ഫെറോന ബി സി സി സംഗമത്തിൽ മ്യൂസിക്കൽ സ്കിറ്റ് അവതരിപ്പിച്ചു



വലിയതുറ ഫെറോന ബി സി സി യുടെ നേതൃത്വത്തിൽ ഓൾ സെയിന്റ്സ് കോളേജ് ആഡിറ്റോറിയത്തിൽ വച്ച് സെപ്റ്റംബർ 23 നു നടത്തിയ ഫെറോന ബി സി സി സംഗമത്തിൽ ചെറുവെട്ടുകാട് ഇടവക വളരെ പുതുമയാർന്ന മ്യൂസിക്കൽ സ്കിറ്റ് അവതരിപ്പിച്ചു . സ്കിറ്റിൽ ജിട്രസ്, രാഹുൽ, അജോൺ, കണ്ണൻ, ജോളി, ജിത്തു എന്നിവരാണ് അഭിനയിച്ചത് . ഇടവക വികാരി ജോസ് ദിലീപ് അച്ചനാണ് സ്കിറ്റ് സംവിധാനം ചെയ്തത് .

# സേവനത്തിന് അംഗീകാരം



26 വർഷം മതബോധന രംഗത്ത് പ്രവർത്തിച്ച ഗ്രേസി ടീച്ചറിനെ അഭിവന്ദ്യ സഹായ മെത്രാൻ ക്രിസ്തുദാസ് പിതാവ് വലിയതുറ ഫെറോനയിലെ മതബോധന സമിതിയുടെ വാർഷിക ആഘോഷ വേദിയിൽ വച്ച് പുരസ്കാരം നൽകി ആദരിക്കുന്നു




ക്രിസ് ഡാരൽ നോബി 17/11/2012




ജിത്തു സെൽവരാജ് 6/11/1996


# KARATE CLASS & HEALTH CLUB





**SHIHAN.Y. PREMAKUMAR**
**Technical Director &**
**Examiner in India**
SHITO RYU - 6 th DAN BLACK BELT
ISKF - 4 th DAN BLACK BELT, JAPAN
6th DAN BLACK BELT, KAI

9847889479, 9847439135


# നവംബർ രണ്ടിനു സെമിത്തേരിയിൽ ദിവ്യബലി അർപ്പിച്ചു



നവംബർ രണ്ടു സകല മരിച്ച വിശ്വാസികളുടെയും ഓർമ്മ ദിവസം സെമിത്തേരിയിൽ പ്രത്യേകമായി തയ്യാറാക്കിയ സ്റ്റേജിൽ വച്ച് ദിവ്യബലി അർപ്പിച്ചു.



# മിഷൻ കോൺഗ്രസിൽ ചെറുവെട്ടുകാട് ഇടവകയുടെ സജീവ സാന്നിദ്ധ്യം



ഒക്ടോബർ 6,7,8 എന്നീ തിയതികളിൽ വല്ലാർപാടത്തു വച്ച് നടന്ന മിഷൻ കോൺഗ്രസിലും ബി സി സി കൺവെൻഷനിലും നമ്മുടെ ഇടവകയിൽ നിന്ന് കോ ഓർഡിനേറ്റർ ജോളിമസ്, സെക്രട്ടറി പ്രേമകുമാർ , വൈസ് പ്രസിഡന്റ് റോബിൻ എന്നിവർ പങ്കെടുത്തു